# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 58 26.09.2011 മറുപടിക്ക്**

**<u>പെൻഷൻ പ്രായം ഉയർത്താനുള്ള തീരുമാനം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ബഹു. മുഖ്യമന്ത്രി<br>ശ്രീ. ഉമ്മൻ ചാണ്ടി |

| | | |
|---|---|---|
| (എ.) | പെൻഷൻ പ്രായം ഉയർത്തുന്നതിനുള്ള തീരുമാനം എടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ തീയതി ഏകീകരിച്ചതുമായി ബന്ധപ്പെട്ട് ഒരു മന്ത്രി സഭാ ഉപസമിതി രൂപീകരിക്കുകയും, ഈ സമിതി വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് ടി വിഷയത്തിൽ അഭിപ്രായ സമന്വയത്തിനായുള്ള പ്രാഥമിക ചർച്ചകൾ നടത്തുകയും ചെയ്തു കഴിഞ്ഞു. പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച തീരുമാനം എടുത്തിട്ടില്ല. |
| (ബി.) | ഇത് സംബന്ധിച്ച് ചർച്ചകൾ നടന്നിട്ടുണ്ടോ ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | ഇത് സംബന്ധിച്ച് ചർച്ചകൾ സർവ്വീസ് സംഘടനകളുമായി 01.09.2011 ന് നടത്തുകയുണ്ടായി. പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിൽ ഒരു സംഘടനയും വിയോജിപ്പ് രേഖപ്പെടുത്തിയിട്ടില്ല. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇത് സംബന്ധമായി എന്തെങ്കിലും ചർച്ചകളോ ശുപാർശകളോ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ വിഷയത്തിൻമേൽ യാതൊരു ചർച്ചയും നടത്തപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ